## പതിനാലാം കേരള നിയമസഭ

## ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
## (2019-2021)

എഴുപത്തിരണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014) യുടെ എട്ടാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം
2021

Rs.

പതിനാലാം കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

എഴുപത്തിരണ്ടാമത് റിപ്പോർട്ട്

(2021 ജനുവരി മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചത്)

[സമിതി (2011-2014) യുടെ എട്ടാമത്
റിപ്പോർട്ടിന്മേലുള്ള ആക്ഷൻടേക്കൺ റിപ്പോർട്ട്]

Rs.

## ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | : | v |
| മുഖവുര | : | vii |
| റിപ്പോർട്ട് | : | I |
| അനുബന്ധം - I | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | : | 11 |
| അനുബന്ധം - II | : | 17 |


Rs.

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2019-21)

## ഘടന

**അദ്ധ്യക്ഷൻ**

ശ്രീ. കെ. സുരേഷ് കുറുപ്പ്

**അംഗങ്ങൾ**

ശ്രീ. കെ.വി. അബ്ദുൾ ഖാദർ

ശ്രീ. ടി.എ. അഹമ്മദ് കബീർ

ശ്രീ. അനിൽ അക്കര

ശ്രീമതി ഇ.എസ്. ബിജിമോൾ

ശ്രീ. വി.കെ.സി. മമ്മത് കോയ

ഡോ. എം.കെ. മുനീർ

ശ്രീ. പി.ടി. തോമസ്

*ശ്രീ. തോമസ് ചാണ്ടി

**ശ്രീ. കെ.വി. വിജയദാസ്

***ശ്രീ. എൻ. വിജയൻപിള്ള

**നിയമസഭാ സെക്രട്ടേറിയറ്റ്**

ശ്രീ. എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ത്രിദീപ്. കെ.ജി, ജോയിന്റ് സെക്രട്ടറി

ശ്രീമതി. എ.വി.ജോസഫൈൻ, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ. ജയകുമാർ. ജി, അണ്ടർ സെക്രട്ടറി

---

* 2019 ഡിസംബർ മാസം 20-ാം തീയതി നിര്യാതനായി.

** 2021 ജനുവരി മാസം 18-ാം തീയതി നിര്യാതനായി.

*** 2020 മാർച്ച് മാസം 08-ാം തീയതി നിര്യാതനായി.

Rs.

## മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി (2019-2021) യുടെ 72-ാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-2014)യുടെ എട്ടാമത് റിപ്പോർട്ടിലെ (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 ജനുവരി മാസം 14-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ശിപാർശകളിന്മേലുള്ള സർക്കാർ നടപടികളുടെ പരിശോധനാവേളയിൽ സമിതിക്ക് ആവശ്യമായ സഹായങ്ങൾ നൽകിയ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്)നോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.

തിരുവനന്തപുരം,
2021 ജനുവരി 21.

Rs.

# റിപ്പോർട്ട്

## അദ്ധ്യായം - 1

1.1 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14) യുടെ 8-ാമത് റിപ്പോർട്ടിലെ (കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പ്രവർത്തനം സംബന്ധിച്ചുള്ള 2004 മാർച്ച് 31-ന് അവസാനിച്ച വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ 4.3 മുതൽ 4.7 വരെയുള്ള ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്) ശിപാർശകളിന്മേൽ സർക്കാർ സ്വീകരിച്ച നടപടികൾ ഉൾക്കൊള്ളുന്നതാണ് ഈ റിപ്പോർട്ട്.

1.2 ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി (2011-14)യുടെ 8-ാമത് റിപ്പോർട്ട് 2012 മാർച്ച് മാസം 21-ാം തീയതി സഭയിൽ സമർപ്പിച്ചു. റിപ്പോർട്ടിൽ ആകെ 8 ശിപാർശകളാണ് ഉണ്ടായിരുന്നത്. ശിപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച സർക്കാർ മറുപടി 07.10.2015, 16.01.2019 എന്നീ തീയതികളിലെ യോഗങ്ങളിൽ സമിതി പരിഗണിക്കുകയുണ്ടായി.

1.3 സമിതി റിപ്പോർട്ടിലെ ശിപാർശ, ശിപാർശയിന്മേൽ സർക്കാർ സ്വീകരിച്ച നടപടി, തുടർശിപാർശ എന്നിവ അദ്ധ്യായം II-ൽ ചേർത്തിരിക്കുന്നു.

1.4 സർക്കാരിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ അനന്തരനടപടി തുടരേണ്ടതില്ല എന്നു തീരുമാനിച്ച ശിപാർശകളും സർക്കാർ മറുപടിയും അദ്ധ്യായം III-ൽ ചേർത്തിരിക്കുന്നു.

1.5 സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ തുടർ ശിപാർശയായി അദ്ധ്യായം IV-ൽ ചേർത്തിരിക്കുന്നു.

## അദ്ധ്യായം II

സമിതിയുടെ ശിപാർശകളും സർക്കാർ സ്വീകരിച്ച നടപടികളും (ശിപാർശകളിന്മേൽ മറുപടി തൃപ്തികരമല്ലാത്തതിനാൽ സമിതി ആരാഞ്ഞ അധികവിവരങ്ങളും) തുടർ ശിപാർശയും.

## ഖണ്ഡിക നമ്പർ 21

## ശിപാർശ

2.1.1 നാല് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1997-2002 കാലഘട്ടത്തിൽ രക്തബാങ്കുകൾ സ്ഥാപിക്കുന്നതിനുള്ള കെട്ടിട നിർമ്മാണത്തിന് വേണ്ടി 20.28 ലക്ഷം രൂപ ചെലവഴിച്ചുവെങ്കിലും പത്ത് വർഷത്തിനു ശേഷവും ഇവ പ്രവർത്തനം തുടങ്ങിയിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. വാഴൂർ ബ്ലോക്ക് പഞ്ചായത്തിൽ രക്തം സൂക്ഷിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തിയതായി സമിതി മനസ്സിലാക്കുന്നു. എന്നാൽ മറ്റ് മൂന്ന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും രക്തബാങ്ക് തുടങ്ങുന്നതിനുള്ള നടപടി പകുതി ഘട്ടത്തിലെത്തിയതേയുള്ളൂ. ആയതിനാൽ ചങ്ങനാശ്ശേരി, വടകര, നെടുമങ്ങാട് എന്നീ മുനിസിപ്പാലിറ്റികളിൽ രക്തബാങ്ക് തുടങ്ങുന്നതിനുള്ള പ്രവൃത്തികൾ സംബന്ധിച്ച വിശദവിവരം സമിതിയ്ക്ക് ലഭ്യമാക്കണമെന്നും പ്രസ്തുത പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.1.2 ചങ്ങനാശ്ശേരി നഗരസഭ - 1997-2002 കാലഘട്ടത്തിലെ പ്രസ്തുത പരാമർശത്തിനുള്ള വിഷയം ബന്ധപ്പെട്ട ഫയലുകൾ പരിശോധിച്ചതിൽ നിന്നും താലൂക്ക് ആശുപത്രി അധികൃതരിൽ നിന്ന് ലഭിച്ചിട്ടുള്ള വിവരങ്ങളിൽ നിന്നും താലൂക്ക് ആശുപത്രിയിൽ രക്തബാങ്ക് പ്രവർത്തിക്കുന്നില്ലായെന്നും ഒരു സ്റ്റോറേജ് യൂണിറ്റ് മാത്രമേയുള്ളൂവെന്നും ഇത് ഇപ്പോഴും പ്രവർത്തിക്കുന്നുണ്ടെന്നും രക്തബാങ്ക് ടെക്നീഷ്യന്റെ കുറവ് നിലവിൽ ഉണ്ടെന്നും മനസ്സിലാക്കുന്നു. നഗരസഭയുടെ പദ്ധതിയായ കെട്ടിട നിർമ്മാണം 2002-ന് മുമ്പ് തന്നെ പൂർത്തീകരിച്ച് ഉദ്ഘാടനം നടത്തിയിട്ടുള്ളതാണെന്നും അറിയിച്ചു കൊള്ളുന്നു.

2.1.3 ചങ്ങനാശ്ശേരി ജനറൽ ആശുപത്രിയിൽ പ്രതിവർഷം 2000 ബ്ലഡ് ട്രാൻസ്മിഷൻ എങ്കിലും നടക്കുന്നുണ്ടെങ്കിലേ ബ്ലഡ് ബാങ്ക് സ്ഥാപിക്കാൻ അനുമതി ലഭിക്കു. ചങ്ങനാശ്ശേരി നഗരസഭയുടെ നിയന്ത്രണത്തിലുള്ള ജനറൽ ആശുപത്രിയിൽ

പ്രതിമാസം ശരാശരി 6 ബ്ലഡ് ട്രാൻസ്ഫ്യൂഷൻ മാത്രമേ നടക്കുന്നുള്ളൂ. ആയത് 2000 യൂണിറ്റിൽ കുറവായതിനാൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റാണ് അനുവദിച്ചിട്ടുള്ളത്.

2.1.4. വടകര നഗരസഭ- വടകര നഗരസഭ വക ആശുപത്രിയിൽ പ്രോജക്ട് നമ്പർ 37/97-98 പ്ലാൻ പദ്ധതി പ്രകാരം നിർമ്മിച്ച ബ്ലഡ് സ്റ്റോറേജ് ബിൽഡിംഗിൽ ബ്ലഡ് സ്റ്റോറേജ് സെന്ററും ആശുപത്രിയിലെ ലബോറട്ടറിയും പ്രവർത്തിച്ചു വരുന്നു. താലൂക്ക് ആശുപത്രി വടകരയിലെ ബ്ലഡ് സ്റ്റോറേജിന് 08.02.2010-ലെ നമ്പർ 026/എസ്.എൽ.എ/2010 നമ്പർ പ്രകാരം ലൈസൻസ് ലഭിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ 28.05.2010 മുതൽ ബ്ലഡ് സ്റ്റോറേജ് സംവിധാനം താലൂക്ക് ആശുപത്രിയിൽ പ്രവർത്തിച്ചു വരുന്നുണ്ടെന്നുള്ള വിവരം റിപ്പോർട്ട് ചെയ്യുന്നു.

2.1.5 നെടുമങ്ങാട് നഗരസഭ - നെടുമങ്ങാട് താലൂക്ക് ആശുപത്രിയിലെ ബ്ലഡ് സ്റ്റോറേജ് സെന്റർ കെട്ടിടത്തിന് നഗരസഭ 2010-ൽ 68,955/- രൂപയുടെ അറ്റകുറ്റപ്പണികൾ നടത്തി കെട്ടിടം സജ്ജീകരിച്ചിട്ടുള്ളതും തുടർന്ന് ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് 09.03.2011 മുതൽ പ്രവർത്തിച്ചു വരുന്നതുമാണ്. നെടുമങ്ങാട് താലൂക്ക് ആശുപത്രിയിൽ ബ്ലഡ് സ്റ്റോറേജ് യൂണിറ്റിനാണ് ലൈസൻസ് ലഭിച്ചിട്ടുള്ളത്. കൂടാതെ ബ്ലഡ് ബാങ്ക് നടത്തിപ്പിന് ആവശ്യമായ പാത്തോളജി പി.ജി. ഡോക്ടർ തസ്തിക ഇവിടെ അനുവദിച്ചിട്ടില്ലാത്തതുമാണ്.

**തുടർശിപാർശ**

**2.1.6 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ രക്ത ബാങ്കുകളിൽ ആവശ്യമുള്ള ടെക്നീഷ്യൻമാരെ പി.എസ്.സി. വഴി അടിയന്തരമായി നിയമിക്കുന്നതിനും പ്രസ്തുത നിയമനം നടത്തുന്നതുവരെ എച്ച്.എം.സി. ഫണ്ട് വിനിയോഗിച്ച് താത്കാലിക ജീവനക്കാരെ നിയോഗിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു.**

**ഖണ്ഡിക നമ്പർ 48**

**ശിപാർശ**

2.2.1 പയ്യന്നൂർ മുനിസിപ്പാലിറ്റി മിനി വ്യവസായ എസ്റ്റേറ്റ് ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിൽ നിന്നും വാങ്ങിയ സ്ഥലത്തിന്റെ പട്ടയം അടിയന്തരമായി വാങ്ങി

സൂക്ഷിക്കുന്നതിന് സർക്കാർ നിർദ്ദേശം നൽകണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം, സംസ്ഥാനത്ത് എത്ര മിനി വ്യവസായ യൂണിറ്റുകൾ ഉണ്ടെന്നും അവയിൽ എത്രയെണ്ണം പ്രവർത്തനക്ഷമമായിട്ടുണ്ടെന്നും ആയതിനായി സംസ്ഥാനത്ത് എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും, ഇതിനായി എത്ര രൂപ അനുവദിച്ചിട്ടുണ്ടെന്നും എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ടെന്നുമുള്ള വിശദ വിവരം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

2.2.2 (എ) പയ്യന്നൂർ നഗരസഭ - പയ്യന്നൂർ നഗരസഭയുടെ ഏക മിനി വ്യവസായ എസ്റ്റേറ്റിനായി റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങിച്ച 8.90 ഏക്കർ സ്ഥലത്തിന് 05.11.2004-ലെ കെ/23690/04 നമ്പരായി കൈവശ സർട്ടിഫിക്കറ്റ് ലഭിക്കുകയും 2009-10 വർഷം വരെ ഭൂനികുതി ഒടുക്കുകയും ചെയ്തിട്ടുണ്ട്. പട്ടയം അടിയന്തരമായി ലഭ്യമാക്കുന്നതിന് ഇ 2-10097/98 തീയതി 07.07.2012 പ്രകാരം തളിപ്പറമ്പ് തഹസീൽദാർക്ക് അപേക്ഷ നൽകിയിട്ടുണ്ട്. മിനി വ്യവസായ എസ്റ്റേറ്റിനായി 1998-99-ലെ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 13.04.1999-ലെ ജി.ഒ(എം.എസ്) നം.138/99/ആർഡി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോറോം വില്ലേജിൽപ്പെട്ട റീസർവ്വെ നം.14/1-ൽ 8.90 ഏക്കർ സ്ഥലം സെന്റിന് 600/- രൂപ പ്രകാരം 534000/- രൂപ നഗരസഭ സർക്കാരിലേയ്ക്ക് ഒടുക്കി വാങ്ങിച്ച സ്ഥലത്ത് 2152 അടി ചതുരശ്ര വിസ്തീർണ്ണത്തിൽ ഒരു ഇൻഡസ്ട്രിയൽ ഷെഡ്ഡ്, കുഴൽക്കിണർ, വൈദ്യുതി ആവശ്യത്തിനായി ട്രാൻസ്ഫോർമർ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്ഥലം കമ്പി വേലി കെട്ടി സംരക്ഷിക്കുന്നുണ്ടെന്നുമുള്ള വിവരം സെക്രട്ടറി റിപ്പോർട്ട് ചെയ്തിരിക്കുന്നു.

2.2.3 പയ്യന്നൂർ നഗരസഭയുടെ മിനി വ്യവസായ എസ്റ്റേറ്റിനായി റവന്യൂ ഡിപ്പാർട്ട്മെന്റിൽ നിന്നും വാങ്ങിച്ച 8.90 ഏക്കർ സ്ഥലത്തിന്റെ പട്ടയം അടിയന്തരമായി ലഭ്യമാക്കുന്നതിനായി തഹസീൽദാർക്ക് അപേക്ഷ നൽകിയതിന് മറുപടിയായി കേരള ഭൂപരിഷ്കരണ നിയമ പ്രകാരം സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൊതു ആവശ്യത്തിനായി കൈമാറിയ മിച്ചഭൂമിയ്ക്ക് പട്ടയം അനിവാര്യമല്ലെന്നും, അത്തരത്തിൽ പട്ടയം അനുവദിക്കാൻ കേരള ഭൂപരിഷ്കരണ നിയമത്തിൽ വ്യവസ്ഥയില്ലായെന്നും തഹസീൽദാർ അറിയിച്ചിട്ടുണ്ട്.

2.2.4 (ബി) സംസ്ഥാനത്തെ നഗരസഭകളിൽ നിന്നും ലഭ്യമാക്കിയ വിവരങ്ങൾ ക്രോഡീകരിച്ച് ഇതോടൊപ്പം അനുബന്ധമായി ചേർത്ത് സമർപ്പിക്കുന്നു. (അനുബന്ധം - II)

## തുടർശിപാർശ

**2.2.5 സംസ്ഥാനത്ത് നഗരസഭകൾ മിനിവ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി വാങ്ങിയ ഭൂമി, അതിൽ ഉപയോഗയോഗ്യമാക്കിയിട്ടില്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

## അദ്ധ്യായം III

സർക്കാരിൽ നിന്നും ലഭിച്ച മറുപടികളുടെ അടിസ്ഥാനത്തിൽ അനന്തര നടപടി തുടരേണ്ടതില്ല എന്ന് സമിതി തീരുമാനിച്ച ശിപാർശകളും അവയുള്ള മറുപടികളും

## ഖണ്ഡിക നമ്പർ 6

## ശിപാർശ

3.1.1 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് അന്വേഷിക്കുന്ന കേസുകളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിന് വളരെയധികം കാലതാമസം ഉണ്ടാകുന്നതായി സമിതി വിലയിരുത്തുന്നു. വിജിലൻസ് വകുപ്പിലെ കാലതാമസം മൂലം കുറ്റക്കാർക്കെതിരെ സമയപരിധിക്കുള്ളിൽ നടപടി സ്വീകരിക്കുന്നതിന് തദ്ദേശസ്വയംഭരണ വകുപ്പിന് സാധിക്കാതെ വരികയും പലപ്പോഴും കുറ്റക്കാരായ ഉദ്യോഗസ്ഥർ ശിക്ഷയിൽ നിന്ന് രക്ഷപ്പെടുകയും ദുർവിനിയോഗം ചെയ്ത പൊതു പണം യഥാസമയം വീണ്ടെടുക്കുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കഴിയാത്ത സാഹചര്യം സൃഷ്ടിക്കുകയും ചെയ്യുന്നതായി സമിതി വിലയിരുത്തുന്നു. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പിന് കൈമാറപ്പെടുന്ന കേസുകളിൽ സമയബന്ധിതമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് നൽകുന്നതിന് ആഭ്യന്തര വകുപ്പ് നടപടിയെടുക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.1.2 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് വിജിലൻസ് വകുപ്പ് നടത്തുന്ന അന്വേഷണങ്ങൾ പരമാവധി സമയബന്ധിതമായി പൂർത്തിയാക്കുവാൻ ശ്രമിച്ചിട്ടുണ്ട്. എങ്കിലും ബന്ധപ്പെട്ട ഓഫീസുകളിൽ നിന്നും ഫയലുകൾ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നതും നിർമ്മാണവുമായി ബന്ധപ്പെട്ട അന്വേഷണങ്ങളിൽ സാങ്കേതിക പരിശോധന ആവശ്യമായി വരുന്നതും നിശ്ചിത സമയപരിധിക്കുള്ളിൽ റിപ്പോർട്ട് സമർപ്പിക്കുന്നതിൽ താമസം വരുന്നതിന് കാരണവുമായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

3.1.3 തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ട എല്ലാ അന്വേഷണങ്ങളുടേയും റിപ്പോർട്ട് സമർപ്പിക്കുന്നതിൽ കാലതാമസം വരാതെ ശ്രദ്ധിക്കുവാൻ എല്ലാ അന്വേഷണ ഉദ്യോഗസ്ഥർക്കും 22.06.2018-ലെ വി.ജി-ഡി1/354/2018-വിജി നമ്പർ കത്ത് പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്. നിലവിൽ അന്വേഷണ റിപ്പോർട്ട് സമർപ്പിക്കാനുള്ള സമയക്രമം 3 മാസമാണ്.

## ഖണ്ഡിക നമ്പർ 14

## ശിപാർശ

3.2.1 പദ്ധതിപ്പണം വിനിയോഗിക്കുന്നത് സംബന്ധിച്ച് ഭരണവകുപ്പ് വ്യക്തമായ മാർഗ്ഗരേഖ പുറപ്പെടുവിക്കണമെന്നും ഭാവിയിൽ ഇത്തരം സംഭവങ്ങൾ ഉണ്ടാകാതിരിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## സർക്കാർ സ്വീകരിച്ച നടപടി

3.2.2 പദ്ധതി പണം വിനിയോഗിക്കുന്നത് സംബന്ധിച്ച് 02.06.2012-ലെ 31/12/ധന. സർക്കുലർ പ്രകാരം ധനവകുപ്പ് വ്യക്തമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

## അദ്ധ്യായം - IV

## സർക്കാരിൽ നിന്നും മറുപടി ലഭിച്ചിട്ടില്ലാത്ത ശിപാർശകൾ

### ഖണ്ഡിക നമ്പർ 5

### ശിപാർശ

4.1 കായംകുളം മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തി അഴിമതി ആരോപണത്തെ തുടർന്ന് സർക്കാർ സ്റ്റേ ചെയ്തുവെന്നും ഇത് സംബന്ധിച്ച അന്വേഷണം വിജിലൻസ് വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി 21.50 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും 3,70,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുന്നു. 2004-ൽ ഇത് സംബന്ധിച്ച കേസ് വിജിലൻസ് ഏറ്റെടുത്തുവെങ്കിലും 2011 ആയിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത കാലതാമസത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം അതിനുത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കണമെന്നും അതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഈ കേസ് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അടിയന്തരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 9

## ശിപാർശ

4.2 എത്തിച്ചേരാൻ വഴിയില്ലാത്ത വസ്തു വാങ്ങി കശാപ്പുശാല നിർമ്മിച്ചതുവഴി 36.49 ലക്ഷം രൂപ 12 വർഷക്കാലത്തോളം പ്രയോജനരഹിതമായ നിക്ഷേപമായി അവശേഷിക്കുവാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്തും വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തും ഇടയാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വാങ്ങിയ ഭൂമിയിൽ എത്തിച്ചേരാൻ വഴിയില്ലാതിരുന്നിട്ടും ജില്ലാ പഞ്ചായത്ത് 33.19 ലക്ഷം രൂപ മുടക്കി കശാപ്പുശാല നിർമ്മിച്ചതിന്റെ ഔചിത്യം സമിതിക്ക് ബോദ്ധ്യപ്പെടുന്നില്ല. 2006-07-ൽ ജില്ലാ ഗ്രാമപഞ്ചായത്ത് വഴിക്ക് വേണ്ടി സ്ഥലം വാങ്ങി റോഡ് നിർമ്മിച്ചുവെങ്കിലും 2010 ആയിട്ടും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തത് ജില്ലാ-ഗ്രാമപഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിലുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. പദ്ധതി വിഹിതത്തിൽ നിന്ന് വലിയ തുക ചെലവഴിച്ച് പന്ത്രണ്ട് കൊല്ലം കഴിഞ്ഞിട്ടും ഇതിന്റെ ഒരു പ്രയോജനവും ജനങ്ങൾക്ക് ലഭിക്കാത്തത് പൊതുപണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ 1998-ൽ ആരംഭിച്ച പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ചുള്ള വിശദവിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 13

## ശിപാർശ

4.3 പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ സൃഷ്ടിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ 22.64 ലക്ഷം രൂപയുടെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിക്കൂട്ടിയത് പദ്ധതിപ്പണം എങ്ങനെ ധൂർത്തടിക്കാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു. കെമിക്കലുകൾക്കും ഉപകരണങ്ങൾക്കും ഒരു പ്രാദേശിക സ്ഥാപനത്തിന് ഓർഡർ നൽകി അവിടെനിന്നും ഇൻവോയ്സ് വാങ്ങി, സാധനങ്ങൾ നല്ല നിലയിൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം 22.64 ലക്ഷം രൂപ സ്ഥാപനത്തിന് നൽകുകയും സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിൽതന്നെ ആയത് സൂക്ഷിക്കുകയും പിന്നീട് 14 മാസങ്ങൾക്കുശേഷം അവ വിതരണം നടത്തുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം സാധനങ്ങൾ വാങ്ങിയതിലും സപ്ലൈ ചെയ്തതിലും സ്റ്റോർ പർച്ചേസ് മാനുവലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലായെന്നും തൽഫലമായി ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുന്നു. ആയതിനാൽ, ഈ പ്രോജക്ട് നടത്തിപ്പിനെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണമെന്നും വ്യവസ്ഥകൾ പാലിക്കാതെയും അടിസ്ഥാന സൗകര്യം ഒരുക്കാതെയും സാധനങ്ങളുടെ വില സപ്ലൈ ചെയ്ത സ്ഥാപനത്തിന് മുൻകൂർ നൽകുകയും 14 മാസങ്ങൾക്കുശേഷം അവ വാങ്ങി സപ്ലൈ ചെയ്യുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥനിൽ നിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉൾപ്പെടെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു.

## ഖണ്ഡിക നമ്പർ 47

### ശിപാർശ

4.4 മിനി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പതിനാറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1998-2003 കാലഘട്ടത്തിൽ 2.96 കോടി രൂപയുടെ മുതൽമുടക്ക് നടത്തിയെങ്കിലും ഭൂരിപക്ഷം സ്ഥലങ്ങളിലും യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചത് വർഷങ്ങൾക്കുശേഷമായതിനാൽ ലക്ഷ്യമിട്ടതിന്റെ ചെറിയ ശതമാനം മാത്രമേ വരുമാനമായി തിരികെ ലഭിച്ചിട്ടുള്ളുവെന്നും ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ആസൂത്രണത്തിന്റെ വീഴ്ചകൊണ്ടാണെന്നും സമിതി വിലയിരുത്തുന്നു. ചില മിനി വ്യവസായ എസ്റ്റേറ്റുകളിലും യൂണിറ്റുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് വ്യവസായ ആവശ്യങ്ങൾക്കായി അടിയന്തിരമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു.

കെ. സുരേഷ് കുറുപ്പ്,
അദ്ധ്യക്ഷൻ,
ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

തിരുവനന്തപുരം,
2021 ജനവരി..21....

# അനുബന്ധം

## പ്രധാനപ്പെട്ട നിഗമനങ്ങൾ/തുടർ ശിപാർശകൾ

| ക്രമ നമ്പർ | ഖണ്ഡിക നമ്പർ | ബന്ധപ്പെട്ട സ്ഥാപനം/വകുപ്പ് | നിഗമനങ്ങൾ/ ശിപാർശകൾ |
|---|---|---|---|
| 1 | 2 | 3 | 4 |
| 1 | 2.1.6 | തദ്ദേശസ്വയംഭരണം | തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ നിയന്ത്രണത്തിലുള്ള ആശുപത്രികളിലെ രക്ത ബാങ്കുകളിൽ ആവശ്യമുള്ള ടെക്നീഷ്യൻമാരെ പി.എസ്.സി. വഴി അടിയന്തരമായി നിയമിക്കുന്നതിനും പ്രസ്തുത നിയമനം നടത്തുന്നതുവരെ എച്ച്.എം.സി. ഫണ്ട് വിനിയോഗിച്ച് താത്കാലിക ജീവനക്കാരെ നിയോഗിക്കുന്നതിനും സമിതി ശിപാർശ ചെയ്യുന്നു. |
| 2 | 2.2.5 | തദ്ദേശസ്വയംഭരണം | സംസ്ഥാനത്ത് നഗരസഭകൾ മിനിവ്യവസായ യൂണിറ്റുകൾ തുടങ്ങുന്നതിനായി വാങ്ങിയ ഭൂമി, അതിൽ ഉപയോഗയോഗ്യമാക്കിയിട്ടില്ലാത്ത ഭൂമി എന്നിവ സംബന്ധിച്ച വിശദവിവരങ്ങളടങ്ങിയ റിപ്പോർട്ട് അടിയന്തരമായി ലഭ്യമാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | 4.1 | വിജിലൻസ് | കായംകുളം മുനിസിപ്പാലിറ്റിയിൽ ഇൻസിനറേറ്റർ സ്ഥാപിക്കുന്നത് സംബന്ധിച്ച പ്രവൃത്തി അഴിമതി ആരോപണത്തെ തുടർന്ന് സർക്കാർ സ്റ്റേ ചെയ്തുവെന്നും ഇത് സംബന്ധിച്ച അന്വേഷണം വിജിലൻസ് |

| | | | |
|---|---|---|---|
| | | | വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണെന്നും സമിതി മനസ്സിലാക്കുന്നു. മുനിസിപ്പാലിറ്റി 21.50 ലക്ഷം രൂപ മുൻകൂറായി നൽകിയെങ്കിലും 3,70,000/- രൂപ മാത്രമേ ചെലവഴിച്ചിട്ടുള്ളൂ എന്നത് പ്രശ്നത്തിന്റെ ഗൗരവം വർദ്ധിപ്പിക്കുന്നതായി സമിതി ചൂണ്ടിക്കാണിക്കുന്നു. 2004-ൽ ഇത് സംബന്ധിച്ച കേസ് വിജിലൻസ് ഏറ്റെടുത്തുവെങ്കിലും 2011 ആയിട്ടും അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടില്ല എന്നതിൽ സമിതി കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നു. ആയതിനാൽ, പ്രസ്തുത കാലതാമസത്തിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും മുനിസിപ്പാലിറ്റിക്കുണ്ടായ നഷ്ടം അതിനുത്തരവാദികളായവരിൽ നിന്ന് ഈടാക്കണമെന്ന കൊല്ലം ജില്ലാ ജോയിന്റ് ഡയറക്ടറുടെ ശിപാർശ നടപ്പാക്കാത്തതിന്റെ കാരണം അറിയിക്കണമെന്നും അതിനുത്തരവാദികളായവർക്കെതിരെ കർശന നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. അതോടൊപ്പം ഈ കേസ് സംബന്ധിച്ച് വിജിലൻസ് വകുപ്പ് അടിയന്തരമായി അന്വേഷണം പൂർത്തിയാക്കി റിപ്പോർട്ട് |

| | | | |
|---|---|---|---|
| | | | സമർപ്പിക്കണമെന്നും അതിന്റെ അടിസ്ഥാനത്തിൽ കുറ്റക്കാർക്കെതിരെ നടപടിയെടുക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 4 | 4.2 | തദ്ദേശസ്വയംഭരണം | എത്തിച്ചേരാൻ വഴിയില്ലാത്ത വസ്തു വാങ്ങി കശാപ്പുശാല നിർമ്മിച്ചതുവഴി 36.49 ലക്ഷം രൂപ 12 വർഷക്കാലത്തോളം പ്രയോജനരഹിതമായ നിക്ഷേപമായി അവശേഷിക്കുവാൻ തൃശ്ശൂർ ജില്ലാ പഞ്ചായത്തും വെള്ളാങ്ങല്ലൂർ ഗ്രാമപഞ്ചായത്തും ഇടയാക്കിയതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. ഗ്രാമപഞ്ചായത്തിന്റെ വിഹിതമായി വാങ്ങിയ ഭൂമിയിൽ എത്തിച്ചേരാൻ വഴിയില്ലാതിരുന്നിട്ടും ജില്ലാ പഞ്ചായത്ത് 33.19 ലക്ഷം രൂപ മുടക്കി കശാപ്പുശാല നിർമ്മിച്ചതിന്റെ ഔചിത്യം സമിതിക്ക് ബോദ്ധ്യപ്പെടുന്നില്ല. 2006-07-ൽ ജില്ലാ ഗ്രാമപഞ്ചായത്ത് വഴിക്ക് വേണ്ടി സ്ഥലം വാങ്ങി റോഡ് നിർമ്മിച്ചുവെങ്കിലും 2010 ആയിട്ടും പദ്ധതി പ്രവർത്തനക്ഷമമാക്കാത്തത് ജില്ലാ-ഗ്രാമ പഞ്ചായത്തുകളുടെ പദ്ധതി നടത്തിപ്പിലുള്ള അനാസ്ഥയായി സമിതി വിലയിരുത്തുന്നു. പദ്ധതി വിഹിതത്തിൽ നിന്ന് വലിയ തുക ചെലവഴിച്ച് പന്ത്രണ്ട് കൊല്ലം കഴിഞ്ഞിട്ടും ഇതിന്റെ ഒരു പ്രയോജനവും ജനങ്ങൾക്ക് |

| | | | |
|---|---|---|---|
| | | | ലഭിക്കാത്തത് പൊതുപണത്തിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ആയതിനാൽ 1998-ൽ ആരംഭിച്ച പദ്ധതിയുടെ ഇപ്പോഴത്തെ സ്ഥിതി സംബന്ധിച്ചുള്ള വിശദവിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും പ്രസ്തുത പദ്ധതി പ്രവർത്തനക്ഷമമാക്കുന്നതിന് അടിയന്തിര നടപടി സ്വീകരിക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |
| 5 | 4.3 | തദ്ദേശസ്വയംഭരണം | പ്രാഥമികാരോഗ്യ കേന്ദ്രത്തിൽ ക്ലിനിക്കൽ ലബോറട്ടറികൾ ആരംഭിക്കുന്നതിന് അടിസ്ഥാന സൗകര്യങ്ങൾ ഒന്നുംതന്നെ സൃഷ്ടിക്കാതെ നിർവ്വഹണ ഉദ്യോഗസ്ഥൻ 22.64 ലക്ഷം രൂപയുടെ ഉപകരണങ്ങളും കെമിക്കലുകളും വാങ്ങിക്കൂട്ടിയത് പദ്ധതിപ്പണം എങ്ങനെ ധൂർത്തടിക്കാമെന്നതിന്റെ ഏറ്റവും നല്ല ഉദാഹരണമാണെന്ന് സമിതി വിലയിരുത്തുന്നു. കെമിക്കലുകൾക്കും ഉപകരണങ്ങൾക്കും ഒരു പ്രാദേശിക സ്ഥാപനത്തിന് ഓർഡർ നൽകി അവിടെനിന്നും ഇൻവോയ്സ് വാങ്ങി, സാധനങ്ങൾ നല്ല നിലയിൽ കിട്ടിയെന്ന് സാക്ഷ്യപ്പെടുത്തി സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയ ശേഷം 22.64 ലക്ഷം രൂപ സ്ഥാപനത്തിന് നൽകുകയും |

| | | | |
|---|---|---|---|
| | | | സാധനങ്ങൾ സപ്ലൈ ചെയ്ത സ്ഥാപനത്തിൽ തന്നെ ആയത് സൂക്ഷിക്കുകയും പിന്നീട് 14 മാസങ്ങൾക്കുശേഷം അവ വിതരണം നടത്തുകയും ചെയ്തു എന്ന ഓഡിറ്റ് പരാമർശം സാധനങ്ങൾ വാങ്ങിയതിലും സപ്ലൈ ചെയ്തതിലും സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പാലിച്ചിട്ടില്ലാ യെന്നും തൽഫലമായി ക്രമക്കേടുകൾ നടന്നിട്ടുണ്ടെന്നും വെളിപ്പെടുത്തുന്നു. ആയതിനാൽ, ഈ പ്രോജക്റ്റ് നടത്തിപ്പി നെപ്പറ്റി സമഗ്രമായ അന്വേഷണം നടത്തണ മെന്നും വ്യവസ്ഥകൾ പാലിക്കാ തെയും അടിസ്ഥാന സൗകര്യം ഒരുക്കാതെയും സാധനങ്ങളുടെ വില സപ്ലൈ ചെയ്ത സ്ഥാപനത്തിന് മുൻകൂർ നൽകുകയും 14 മാസങ്ങൾക്കുശേഷം അവ വാങ്ങി സപ്ലൈ ചെയ്യുകയും ചെയ്ത നിർവ്വഹണോദ്യോഗസ്ഥ നിൽ നിന്ന് വിശദീകരണം വാങ്ങിയിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ അതിനുള്ള കാരണമെന്തെന്നും ഉൾപ്പെടെ പ്രസ്തുത ഉദ്യോഗസ്ഥനെതിരെ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിവരം ഒരു മാസത്തിനകം ലഭ്യമാക്കണമെന്നും സമിതി ശിപാർശ ചെയ്യുന്നു. |

| | | | |
|---|---|---|---|
| 6 | 4.4 | തദ്ദേശസ്വയംഭരണം | മിനി വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി പതിനാറ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ 1998-2003 കാലഘട്ടത്തിൽ 2.96 കോടി രൂപയുടെ മുതൽമുടക്ക് നടത്തിയെങ്കിലും ഭൂരിപക്ഷം സ്ഥലങ്ങളിലും യൂണിറ്റുകൾ പ്രവർത്തനമാരംഭിച്ചത് വർഷങ്ങൾക്കു ശേഷമായതിനാൽ ലക്ഷ്യമിട്ടതിന്റെ ചെറിയ ശതമാനം മാത്രമേ വരുമാനമായി തിരികെ ലഭിച്ചിട്ടുള്ളുവെന്നും ഇത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഭാഗത്തുനിന്നുള്ള ആസൂത്രണത്തിന്റെ വീഴ്ചകൊണ്ടാണെന്നും സമിതി വിലയിരുത്തുന്നു. ചില മിനി വ്യവസായ എസ്റ്റേറ്റുകളിലും യൂണിറ്റുകൾ വർഷങ്ങളായി ഒഴിഞ്ഞുകിടക്കുന്നതായി സമിതി മനസ്സിലാക്കുന്നു. ആയത് വ്യവസായ ആവശ്യങ്ങൾക്കായി അടിയന്തിരമായി നൽകുന്നതിന് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

## അനുബന്ധം -II

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 1 | കൊടുങ്ങല്ലൂർ | 1 | 1 | 80 സെന്റ് | 23.34 ലക്ഷം | പുല്ലൂറ്റ് വില്ലേജിൽ കെട്ടിടങ്ങൾ ഉൾപ്പെടെയുള്ള മിനിവ്യവസായ എസ്റ്റേറ്റ് സ്ഥാപിച്ചിട്ടുണ്ട്. | |
| 2 | ഷൊർണ്ണൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | 1. എസ്.ഐ.എസ്.ഐ. സെന്റർ മാത്രമാണ് നിലവിലുള്ളത്. ടി സെന്റർ നിലവിൽ പ്രവർത്തിക്കുന്നില്ല. |
| 3 | പെരുമ്പാവൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 4 | മട്ടന്നൂർ | 4 | 4 | 1.07 ഏക്കർ | 18 ലക്ഷം | 4 വ്യവസായ യൂണിറ്റുകൾ കെട്ടിട നിർമ്മാണം പൂർത്തിയായിട്ടുണ്ട്. 1 യൂണിറ്റ് കെട്ടിട നിർമ്മാണം പൂർത്തീകരണ ഘട്ടത്തിലാണ്. | |
| 5 | കണ്ണൂർ | 1 | 1 | 17.5 സെന്റ് | 15,02,607/-ക. | മരയ്ക്കാർ കണ്ടിയിൽ നിർമ്മിച്ചിട്ടുണ്ട് | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടു ത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 6 | കളമശ്ശേരി | 10 | 10 | 86 സെന്റ് | 16,55,565/- രൂ. | കളമശ്ശേരി നഗരസഭ എസ്റ്റേറ്റിനോട് ചേർന്ന് ഷെഡ് നിർമ്മിച്ചിട്ടുണ്ട്. | 2 മിനിവ്യവസായ എസ്റ്റേറ്റുകളാണ് ഉള്ളത്. ടി രണ്ടിലുമാണ് 10 എണ്ണം പ്രവർത്തിച്ചുവരുന്നത്. |
| 7 | വർക്കല | 1 | 1 | | | | വ്യവസായ യൂണിറ്റുമായി ബന്ധപ്പെട്ട കാര്യങ്ങൾ വ്യവസായ ഓഫീസിലാണ് കൈകാര്യം ചെയ്യുന്നത്. |
| 8 | കൽപ്പറ്റ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 9 | ചങ്ങനാശ്ശേരി | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 10 | അങ്കമാലി | 6 | 5 | 50 | നഗരസഭ തുക അനുവദിച്ചിട്ടില്ല | നഗരസഭയുടെ 16-ാം വാർഡിൽ | |
| 11 | ചേർത്തല | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 12 | ചാവക്കാട് | 3 | 2 | 12.15 ആർ | 7 ലക്ഷം രൂപ | പുളിച്ചിറക്കെട്ട് പ്രദേശം. | |
| 13 | കാഞ്ഞങ്ങാട് | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 14 | കരുനാഗപ്പള്ളി | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 15 | കായംകുളം | 2 | 2 | 83 സെന്റ് | 26 ലക്ഷം രൂപ | 24-ാം വാർഡിൽ | 2 വനിതാ വ്യവസായ യൂണിറ്റുകളാണുള്ളത്. |
| 16 | കാസർകോട് | 3 | 1 | 2 ഏക്കർ | 22,00,000/- രൂ. | നഗരസഭയുടെ വിദ്യാ നഗറിൽ | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 17 | കൊയിലാണ്ടി | 405 | 308 | സ്വകാര്യ വ്യക്തികളുടെ ഭൂമിയിലാണ് സ്ഥാപിച്ചിട്ടുള്ളത് | നഗരസഭ തുക അനുവദിച്ചിട്ടില്ല. | ബാധകമല്ല | |
| 18 | മഞ്ചേരി | 1 | 0 | 2.13 ഏക്കർ | 43,46,551/- രു. | കരുവമ്പ്രം (നറുകര വില്ലേജ്) | |
| 19 | കോതമംഗലം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 20 | പയ്യന്നൂർ | 1 | 1 | 8.90 ഏക്കർ 2 ആർ. | 11,43,500/-രു. | കോറോം മിനിവ്യവസായ എസ്റ്റേറ്റ്. | |
| 21 | നീലേശ്വരം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 22 | പൊന്നാനി | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 23 | സൗത്ത് പരവൂർ | ഇല്ല | ബാധകമല്ല | 1 ഏക്കർ 20 സെന്റ് | 20 ലക്ഷം രൂപ | ഒഴുകുപാറ എന്ന സ്ഥലത്ത് | |
| 24 | തലശ്ശേരി | 12 | 12 | 1130.80 മീറ്റർ സ്ക്വയർ | 5,58,064/- രു. | കൊടിയേരി അംശം വയലളം ദേശം റീ.സ.8/8 നം. വസ്തുവിൽ 819.50 ച.മീ. ഇരുനില ആർ.സി. കെട്ടിടത്തിൽ | |
| 25 | തിരുവല്ല | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 26 | തിരൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 27 | തൃപ്പൂണിത്തുറ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തനക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 28 | തൊടുപുഴ | 2 | 2 | 20 ആർ 23 ച.മീ (1)<br>24 ആർ 48 ച.മീ. (2) | 25 ലക്ഷം രൂപ | വെങ്ങല്ലൂർ, കാഞ്ഞിരമറ്റം | |
| 29 | കോഴിക്കോട് | 5250 | 5100 | 7 ഏക്കർ | ലഭ്യമല്ല | വെസ്റ്റ് ഹിൽ എസ്റ്റേറ്റ്, കഷ്ണവെട്ടുകുഴി വ്യവസായ എസ്റ്റേറ്റ്, ചെറുവണ്ണൂർ-നല്ലളം വ്യവസായ എസ്റ്റേറ്റ്, ബേപ്പൂർ, എലത്തൂർ-പുത്തൂർചാലി വ്യസായ എസ്റ്റേറ്റ് | |
| 30 | ആറ്റിങ്ങൽ | 6 | 5 | ഭൂമി നൽകിയിട്ടില്ല | 9,07,500/- രു. | | |
| 31 | പത്തനംതിട്ട | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 32 | ഇരിഞ്ഞാലക്കുട | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 33 | തിരുവനന്തപുരം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 34 | കുന്നംകുളം | 27 | 25 | 3 ഏക്കർ | തുക അനുവദിച്ചിട്ടില്ല | 3 ഏക്കർ ഭൂമിയിൽ 27 കെട്ടിടങ്ങൾ | |
| 35 | ആലപ്പുഴ | 181 | 155 | ഭൂമി നൽകിയിട്ടില്ല | തുക അനുവദിച്ചിട്ടില്ല | നഗരസഭ കെട്ടിടം നിർമ്മിച്ചിട്ടില്ല. | |
| 36 | അടൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 37 | നെയ്യാറ്റിൻകര | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 38 | പാലക്കാട് | 1 | 1 | 79 സെന്റ് | 42 ലക്ഷം രൂപ | ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിന് എതിർവശം. | |
| 39 | കൂത്തുപറമ്പ | 1 | 1 | 0.7366 ഹെക്ടർ | 16.59 ലക്ഷം രൂപ | ആമ്പലായ് പ്രദേശത്ത് റീ.സ. 6/2 ൽ പെട്ട സ്ഥലം | |
| 40 | വടകര | 10 | 10 | 2 ഏക്കർ 91 സെന്റ് | തുക അനുവദിച്ചിട്ടില്ല | വടകര കരിമ്പനപ്പാലം ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് | 17 പ്ലോട്ടുകളിലാണ് 10 മിനിവ്യവസായ യൂണിറ്റുകൾ പ്രവർത്തിച്ചുവരുന്നത്. |
| 41 | തളിപ്പറമ്പ | 13 | 11 | 3 ഏക്കർ | 15 ലക്ഷം രൂപ | പുളിമ്പറമ്പ്, കടമ്പേരി | |
| 42 | ചാലക്കുടി | 21 | പ്രവർത്തനം ആരംഭിച്ചിട്ടില്ല | 2 ഏക്കർ | തുക അനുവദിച്ചിട്ടില്ല | | |
| 43 | തൃക്കാക്കര | 4 | 0 | 163 സെന്റ് | 90 ലക്ഷം രൂപ | തെങ്ങോട്-2, കാക്കനാട്-1, ചമ്പ് മുക്ക് -1 | |
| 44 | ചെങ്ങന്നൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | വ്യവസായ വകുപ്പിന്റെ കീഴിൽ ഈ നഗരസഭയിൽ 16 മിനി വ്യവസായ യൂണിറ്റുകളാണ് ഉള്ളത്. |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 45 | മൂവാറ്റുപുഴ | 1 | 1 | 55 ആർ 41 സ്ക്വ.മീ. | 5,40,000/- ക. | ബാധകമല്ല | |
| 46 | മലപ്പുറം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 47 | ഏലൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 48 | മരട് | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 49 | കോട്ടയ്ക്കൽ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 50 | പാലാ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 51 | കൊല്ലം | 7 | 7 | 44 ആർ 9 ച.മീ. | 12 ലക്ഷം രൂപ | നഗരസഭയുടെ പരിധിയിൽ വരുന്ന മുറയ്ക്കാണ് ടി വനിത യൂണിറ്റുകൾ നിർമ്മിച്ചിട്ടുള്ളത്. | |
| 52 | നോർത്ത് പരവൂർ | 27 | 18 | 20 ആർ. 23 ച.മീ. | സർവ്വേ നം. 292/10/3 പ്രകാരമുള്ള 20.23 ആർ സ്ഥലം വാങ്ങിയതിന് 6000/- രൂപ ചെലവായിട്ടുണ്ട്. | നഗരസഭയുടെ 14-ാം വാർഡിൽ ചെറുകിട വ്യവസായ കേന്ദ്രം സ്ഥിതി ചെയ്യുന്നു. | |
| 53 | മാവേലിക്കര | 7 | 7 | 67.34 ആർ | 2,00,257/- ക. | കണ്ടിയൂർ കാളച്ചന്തയ്ക്ക് സമീപം | |
| 54 | ഒറ്റപ്പാലം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 55 | ഗുരുവായൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 56 | നെടുമങ്ങാട് | 2 | 1 | കശർക്കോട് -2.5 ഏക്കർ മേലാംകോട് - 56 സെന്റ് | | കശർകോട്, മേലാംകോട് | |
| 57 | പെരിന്തൽമണ്ണ | 220 | 185 | 9.94 ഏക്കർ | തുക അനുവദിച്ചിട്ടില്ല | 9.94 ഏക്കറിൽ 2 കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്. | |
| 58 | വൈക്കം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | നാലാം വാർഡിലെ ചാലപ്പറമ്പിൽ സർക്കാർ വക സ്ഥലത്ത് 1 മിനിവ്യവസായ യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. |
| 59 | നിലമ്പൂർ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 60 | കോട്ടയം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 61 | പുനലൂർ | 2 | 1 | കലയനാട്-5 സെന്റ്, മണിയാർ-5 സെന്റ് | 6,49,030/- ക. | കലയനാട്, മണിയാർ | |
| 62 | ചിറ്റൂർ തത്തമംഗലം | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |
| 63 | ആലുവ | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |

| ക്രമ നം | നഗരസഭയുടെ പേര് | മിനിവ്യവസായ യൂണിറ്റുകളുടെ എണ്ണം | എത്രയെണ്ണം പ്രവർത്തന ക്ഷമമാണ്? | എത്ര ഭൂമി ഉപയോഗപ്പെടുത്തിയിട്ടുണ്ട്? | ചെലവഴിച്ച തുക | എവിടെയെല്ലാം കെട്ടിടങ്ങൾ നിർമ്മിച്ചിട്ടുണ്ട്? | റിമാർക്സ് |
|---|---|---|---|---|---|---|---|
| 64 | തൃശ്ശൂർ | 4 | 3 | പറവട്ടാനി ടെക്നോപാർക്ക്- 40 സെന്റ് കുർക്കഞ്ചേരി-40 സെന്റ്, അയ്യന്തോൾ-40 സെന്റ്, കോട്ടപ്പുറം-20 സെന്റ് | പറവട്ടാനി ടെക്നോപാർക്ക്- 76 ലക്ഷം. കുർക്കഞ്ചേരി- 30 ലക്ഷം, അയ്യന്തോൾ-30 ലക്ഷം, കോട്ടപ്പുറം-9 ലക്ഷം. | പറവട്ടാനി ടെക്നോപാർക്ക്, കുർക്കഞ്ചേരി വനിതാവ്യവസായ കേന്ദ്രം, അയ്യന്തോൾ പുല്ലഴി വ്യവസായകേന്ദ്രം, കോട്ടപ്പുറം പഠനോദ്യാന കേന്ദ്രം | |
| 65 | കൊച്ചി | ഇല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | ബാധകമല്ല | |